# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി 12/1748/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി 12/1748/23 തീയ്യതി: 06/12/2023

# കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 07-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 21-12-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 18-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 18-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ധന്യ.എം.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ (ഹയർ ഗ്രേഡ്).

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എം ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.പ്രസന്ന കുമാർ എൻ.എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അമൽ വിജയ് | കൃഷി ഓഫീസർ | 01-04-2022 | 21-06-2022 |
| ശ്രീമതി അഞ്ജു എം സണ്ണി | കൃഷി ഓഫീസർ | 22-06-2022 | 31-03-2023 |
| ഡോ. മനോജ് ലാൽ | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.ബിൻസി മാത്യൂ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-08-2022 |
| ഡോ. ബിജോയ് മാത്യൂ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-09-2022 | 31-03-2023 |
| ഡോ.കെ.എസ് സിംല | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-05-2022 |
| ഡോ. മിനി ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-06-2022 | 22-08-2022 |
| ഡോ.സീമ ടി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 23-08-2022 | 18-12-2022 |
| ഡോ.സ്വപ്ന ചന്ദ്രൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 19-12-2022 | 31-03-2023 |
| ശ്രീമതി സജന കായക്കീൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അൽഫോൻസ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ഷംനാദ് ജെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 03-12-2022 |
| ശ്രീ അഖിൽ ജി | അസിസ്റ്റന്റ് എൻജിനീയർ, ചപ്പാരപ്പടവ് (ഇൻചാർജ്) | 04-12-2022 | 06-01-2023 |
| ശ്രീ അഫ്സൽ വൈ | അസിസ്റ്റന്റ് എൻജിനീയർ | 07-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ മധുസൂധനൻ എസ്.പി | ഹെഡ് മാസ്റ്റർ | 01-04-2022 | 23-12-2022 |
| ശ്രീ ടെറൻസ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ മുഹമ്മദ് ബഷീർ എൻ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ആലക്കോട് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ വിജയൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,തേർത്തല്ലി സർക്കിൾ | 01-04-2022 | 06-08-2022 |
| ശ്രീ മുഹമ്മദ് ബഷീർ എൻ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,തേർത്തല്ലി സർക്കിൾ (ഇൻചാർജ്) | 07-08-2022 | 26-10-2022 |
| ശ്രീ അരുൺ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,തേർത്തല്ലി സർക്കിൾ | 27-10-2022 | 31-03-2023 |
| ശ്രീ.രഞ്ജിത്ത്.എ. | ഹെഡ് മാസ്റ്റർ (ഇൻ ചാർജ്ജ്) | 24-12-2022 | 27-01-2023 |
| ശ്രീ സണ്ണി പി.ജെ | ഹെഡ് മാസ്റ്റർ | 28-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിൽ അപാകം | 1-1-3 |
| 5 | ബാധ്യതാ തുക- വിശദാംശം ലഭ്യമല്ല. | 1-1-4 |
| 6 | ബി-18 ഷെഡ്യൂൾ അപൂർണ്ണം | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകി. | 1-6-1 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ഗ്രാമസഭ | 1-11 |
| 18 | ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അന്തിമവിജ്ഞാപനം പ്രകാരം അംഗീകരിച്ച നിരക്കിലും കുറഞ്ഞ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തതിനാലുണ്ടായ നഷ്ടം ₹31609 ഈടാക്കേണ്ടതാണ്. | 1-12 |
| 19 | ക്രമവൽകരണ ഫീസ് ഈടാക്കിയതിൽ കുറവ് | 1-13 |
| 20 | എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ് -രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 21 | രജിസ്ട്രേഷനില്ലാതെ സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുന്നു | 1-15 |
| 22 | വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-16 |
| 23 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-17 |

| | | |
|---|---|---|
| 24 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പൊതു അവലോകനം. | 1-18 |
| 25 | ആലക്കോട് തിമിരി വാതക ശ്മശാനം-24,06,630/- രൂപ ചെലവഴിച്ച് നവീകരണ പ്രവൃത്തി നടത്തിയെങ്കിലും പ്രവർത്തനക്ഷമമായില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-19 |
| 26 | സോളാർ പാനൽ സ്ഥാപിച്ചത് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 11,11,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-20 |
| 27 | എ.ബി.സി. പദ്ധതി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 1,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-21 |
| 28 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം | 1-22 |
| 29 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന- പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-23 |
| 30 | കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് മുൻകൂർ തുക നൽകിയെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല-₹3,03,153 തടസ്സപ്പെടുത്തുന്നു | 1-24 |
| 31 | ഗോത്ര സാരഥി പദ്ധതി - വാഹന ഉടമകളുടെ കൈപ്പറ്റ് രസീതികൾ ലഭ്യമല്ല. ചെലവ് തുക 2,72,110/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 32 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ (കുടുംബ ആരോഗ്യ കേന്ദ്രം,തേർത്തല്ലി), ഗവ. ആയുർവേദ ആശുപത്രി (നെല്ലിപ്പാറ)എന്നീ സ്ഥാപനങ്ങളുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച. | 1-26 |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-27 |
| 34 | കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 35 | തയ്യൽ ഗ്രൂപ്പുകൾക്ക് ധനസഹായം (വനിത )- രേഖകൾ ഹാജരാക്കിയിട്ടില്ല 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-29 |
| 36 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ആലക്കോട് സർക്കിൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ- രേഖകൾ ഹാജരാക്കിയിട്ടില്ല. 32,54,476/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-30 |
| | ഭാഗം **2** | |
| 1 | ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അന്തിമ വിജ്ഞാപനം പ്രകാരം അംഗീകരിച്ച നിരക്കിലും കുറഞ്ഞ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തതിനാലുണ്ടായ നഷ്ടം- | 2-1 |

| | | |
|---|---|---|
| | ₹31609 ഈടാക്കേണ്ടതാണ് | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കവാൻ അവശേഷിക്കുന്ന റിപ്പേർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 27-06-2023 തീയതിയിലെ *488/2023* നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 06-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
06.12.2023.

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിലെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-10/14-11-2023) മറുപടിയിൽ പഞ്ചായത്ത് അറിയിച്ചത്.

## 1-1-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിൽ അപാകം

ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14720484 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activities (A+B+C)" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹122816802 ആണ്.

## 1-1-4 ബാധ്യതാ തുക- വിശദാംശം ലഭ്യമല്ല.

2021-22 വർഷത്തെ ബി9 ഷെഡ്യൂളിൽ 350800299 Other Liabilities എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരുന്ന 5,55,986/- രൂപ ഈ വർഷത്തെ ബി4 ഷെഡ്യൂളിൽ 320100990 Other Liabilities എന്ന ഹെഡ്ഡിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തി കാണുന്നു. ഈ തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും 2021-22ലെ നീക്കിയിരിപ്പ് മുന്നിരിപ്പായി രേഖപ്പെടുത്തിയതാണ് എന്ന മറുപടി മാത്രമാണ് നൽകിയിട്ടുള്ളത്. ഈ തുക ഏതിനത്തിൽ ഉള്ള ബാധ്യതായാണെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-1-5 ബി-18 ഷെഡ്യൂൾ അപൂർണ്ണം

ആലക്കോട് ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ "ആശ്രയ പദ്ധതി" എന്ന പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി 1,00,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0099/23 |
| അടങ്കൽ | 1,00,000/- |
| ഫണ്ട് | വികസന ഫണ്ട്, പൊതു വിഭാഗം |
| ബിൽ നമ്പർ, തീയതി | 210/20-01-2023 |

മേൽ സൂചിപ്പിച്ച തുക കുടുംബശ്രീ സി.ഡി.എസിന്റെ അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു. ഈ തുക വിനിയോഗിക്കാതെ ബന്ധപ്പെട്ട അക്കൗണ്ടിൽ നിലനിൽക്കുകയാണ്. എന്നാൽ പ്രസ്തുത തുക 2022-23ലെ വാർഷിക ധനകാര്യ പത്രികയിലെ ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-17/17-11-2023) തുക സർക്കാരിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വാർഷിക ധനകാര്യ പത്രികയിലെ പിഴവ് പരിഹരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചു. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 22-03-2022 തീയതിയിലെ യോഗത്തിലെ 01/01 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 25-03-22 തീയതിയിൽ രാവിലെ ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-54(1)) 26.03.22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 55/1 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 20.2.23 തീയതിയിലെ യോഗത്തിലെ 1/14-2023 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 24.02.2023 തീയതിയിലെ അടിയന്തിര യോഗത്തിൽ 8/350(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---:|---:|
| മുന്നിരിപ്പ് | 19182599.15 | 30734894.45 |
| വരവ് | 254453000 | 322816945 |
| ആകെ | 273635599.15 | 353551839.45 |
| ചെലവ് | 260897256 | 339944767 |
| നീക്കിയിരിപ്പ് | 12738343.15 | 13607072.45 |

ബജറ്റ് പ്രകാരവും പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ കാരണം ബജറ്റ് ഫയലിൽ നിന്നും വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹42690169 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹63857641 |
| ആകെ | ₹106547810 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹49137157 |
| നീക്കിയിരിപ്പ് | ₹57410653 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹31993 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7827369 |

റിമാർക്സ്: റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി എഫ് ടി ഒ മുഖേനയുള്ള വരവ് ചെലവുകൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ ഇനങ്ങളിലെ വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ട തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 32958000 | 32958000 | 29886552 | 3071448 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 2093000 | 2093000 | 1942825 | 150175 |
| വികസന ഫണ്ട് (ടി.എസ്.പി.) | | 3495000 | 3495000 | 3310807 | 184193 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 17979000 | 17979000 | 11369531 | 6609469 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 9720000 | 9720000 | 6784094 | 2935906 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 565579 | 6187484 | 6753063 | 5316851 | 1436212 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 6827856 | 12516390 | 19344246 | 6658468 | 12685778 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 26023 | 48119727 | 48145750 | 47078752 | 1066998 |
| ഐ.സി.ഡി.എസ് | 3300 | 2002276 | 2005576 | 1731414 | 274162 |
| എം.പി. ഫണ്ട് | 15422 | 421 | 15843 | - | 15843 |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ. | 1613 | 47 | 1660 | - | 1660 |
| പൈക്ക | 370825 | 10114 | 380939 | - | 380939 |
| സാക്ഷരത | 2748 | 76 | 2824 | - | 2824 |
| ലൈബ്രറി ഗ്രാന്റ് | 15700 | 19550 | 35250 | 34733 | 517 |
| ഡബ്ല്യൂ.ജി.ഡി.പി. | 10 | - | 10 | - | 10 |
| ടി.എസ്.സി | 2500 | - | 2500 | - | 2500 |
| ശുചിത്വ മിഷൻ | 403815 | 1600550 | 2004365 | 1913490 | 90875 |
| കേരളോത്സവം | 20000 | - | 20000 | - | 20000 |
| ജല നിധി | 1053150 | 164111 | 1217261 | 874315 | 342946 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | - | 297043 | 297043 | 163118 | 133925 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനെസ് സെന്റർ | - | 162284 | 162284 | 33150 | 129134 |
| ലൈഫ് ഭവന പദ്ധതി | 560000 | 10126800 | 10686800 | 4246081 | 6440719 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് | 175442 | - | 175442 | - | 175442 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 1738175 | 5455 | 1743630 | 991934 | 751696 |

ബി4 ഷെഡ്യൂളിൽ 320100999 Other Liabilities എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 5,55,986/- രൂപയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 218 | 178427420 | 155 | 89468287 | 16 | 139 | 63 | 63.76 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 3350000 | 3350000 | 100 |
| വെറ്ററിനറി സർജൻ | 6 | 6 | 4870368 | 4519803 | 92 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 12 | 10 | 3524875 | 2855595 | 81.01 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 3 | 3 | 1350000 | 1350000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 14 | 35479000 | 14569096 | 41.06 |
| ഐസിഡിഎസ് സൂപ്പർവൈസർ | 9 | 5 | 9044535 | 6800062 | 75.18 |
| ഡയറി എക്സ്റ്റൻ ഷൻ ഓഫീസർ | 1 | 1 | 2600000 | 2000000 | 76.92 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 32 | 24 | 12908072 | 7568413 | 58.63 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 9 | 45086900 | 13510729 | 29.97 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 110 | 68 | 56919720 | 30514622 | 53.61 |
| ഹെഡ്മാസ്റ്റർ, ഗവ.യു പി.സ്കൂൾ | 7 | 5 | 2213950 | 1508967 | 68.16 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 8 | 7 | 1080000 | 921000 | 85.28 |
| ആകെ | 218 | 155 | 178427420 | 89468287 | 50.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 26023 | 2610006 | 2636029 | 1569031 | 1066998 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 45509721 | 45509721 | 45509721 | - |
| ആകെ | 26023 | 48119727 | 48145750 | 47078752 | 1066998 |

## 1-6-1 ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകി.

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി

ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019ലെ 957/ഇജിഎസ്-സി/16/ആർഇജിഎസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/- രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്താതെ വെണ്ടർ/സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

| ക്രമ നം. | വർക്കിന്റെ പേര്(കോഡ്) | കരാറുകാരന്റെ പേര് | മെറ്റീരിയൽ തുക | GST TDS |
|---|---|---|---|---|
| 1 | കഴുക്കൽ കുണ്ടേരി റോഡ് കോൺക്രീറ്റ് (1602011001/RC/351986) | ചന്ദ്രൻ ടി.എ | 366354 | 7327 |
| 2 | മൂലോത്തുംകുന്ന് കുണ്ടേരി റോഡ് കോൺക്രീറ്റ് (1602011001/RC/352003) | ചന്ദ്രൻ ടി.എ | 366354 | 7327 |
| 3 | പി.എച്ച്.സി. കുന്നമ്മൽ പടി റോഡ് കോൺക്രീറ്റ് (1602011001/RC/351991) | ചന്ദ്രൻ ടി.എ | 366354 | 7327 |
| 4 | ബീമ്പുംകാട് ജലനിധി റോഡ് കോൺക്രീറ്റ് (1602011001/RC/347179) | ജിയോ മാത്യു | 366459 | 7329 |
| 5 | വട്ടക്കയം ആറാട്ട് കടവ് റോഡ് കോൺക്രീറ്റ് (1602011001/RC/349037) | തോംസൺ എം.മണ്ഡപം | 293879 | 5878 |
| 6 | കാപ്പിമല ശാന്തിഗിരി റോഡ് കോൺക്രീറ്റ് (1602011001/RC/351759 | തോംസൺ എം.മണ്ഡപം | 358904 | 7178 |
| 7 | മേലോരംതട്ട് ഫ്രണ്ട്സ് റോഡ് കോൺക്രീറ്റ് (1602011001/RC/352955) | ജിയോ മാത്യു | 358904 | 7178 |
| 8 | ഉപ്പുകണ്ടം ഭ്രതാനം റോഡ് കോൺക്രീറ്റ് (1602011001/RC/349147) | തോംസൺ എം.മണ്ഡപം | 358904 | 7178 |
| 9 | കൊട്ടയാട് കവല ഹിൽടോപ്പ് റോഡ് കോൺക്രീറ്റ് (1602011001/RC/354727) | ജിയോ മാത്യു | 358895 | 7178 |
| 10 | ചെങ്ങാട് റോഡ് കോൺക്രീറ്റ് | തോംസൺ | 366451 | 7329 |

| | | | | |
|---|---|---|---|---|
| | (1602011001/RC/351767) | എം.മണ്ഡപം | | |
| 11 | സ്നേഹതീരം റോഡ് കോൺക്രീറ്റ് (1602011001/RC/352738) | തോംസൺ എം.മണ്ഡപം | 307644 | 6153 |
| 12 | CH റോഡ് കോൺക്രീറ്റ് (1602011001/RC/354434) | ജിയോ മാത്യു | 358905 | 7178 |
| 13 | രയറോം നായരുമല പഞ്ചായത്തുകുണ്ട് റോഡ് കോൺക്രീറ്റ് (1602011001/RC/352739) | തോംസൺ എം.മണ്ഡപം | 358905 | 7178 |
| 14 | മവ്വത്താനി കോട്ടക്കോയിൽ റോഡ് കോൺക്രീറ്റ് (1602011001/RC/352037) | ജിയോ മാത്യു | 358905 | 7178 |
| 15 | ഭജനമഠം പടിഞ്ഞാറെക്കര റോഡ് കോൺക്രീറ്റ് (1602011001/RC/340464) | ജിയോ മാത്യു | 358905 | 7178 |
| 16 | കല്ലങ്കോട് കക്കോട് റോഡ് കോൺക്രീറ്റ് (1602011001/RC/350575) | ജിയോ മാത്യു | 269873 | 5397 |
| 17 | ആലത്താംവളപ്പ് ഗ്രാമിക റോഡ് കോൺക്രീറ്റ് (1602011001/RC/351984) | തോംസൺ എം.മണ്ഡപം | 358905 | 7178 |
| 18 | കോടോപ്പള്ളി പീക്കാച്ചേരി റോഡ് കോൺക്രീറ്റ് (1602011001/RC/338866) | ജിയോ മാത്യു | 377789 | 7556 |
| | | | ആകെ | 126225 |

കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കു വരുത്തേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 458 | 6258400 |
| വിധവാ പെൻഷൻ | 1296 | 17709600 |
| വാർദ്ധക്യകാല പെൻഷൻ | 4053 | 50302200 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 404 | 5356000 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 64 | 860800 |
| വിവാഹ ധനസഹായം | 4 | 120000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2023 ന്

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,375/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് 200/- രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102 കാണുക) ആകെ ക്യാഷ് നീക്കിയിരിപ്പ് 9,575/- രൂപയാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പദ്ധതി ചെലവുകളുമായും മറ്റ് ചെലവുകളുമായും ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതും ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതും അപാകമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണ ഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. വസ്തുനികുതി നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തിയതിലെ അപാകവും പരിഹരിക്കപ്പെടാതെ നിൽക്കുകയാണ്.

തൊഴിൽ നികുതി ഡാറ്റാബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരങ്ങളും തസ്തികകളും ഉൾപ്പെടുത്തിയ രജിസ്റ്റർ) തയ്യാറാക്കുന്നിലെ വീഴ്ച മൂലം തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്ന് സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായിട്ടുണ്ട്. ഇക്കാരണത്താൽ നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതും വീഴ്ചയാണ്.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചപ്പോൾ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൊന്നും തന്നെ പദ്ധതി അവലോകനം അജണ്ടയായി ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് യോഗ തീരുമാനങ്ങളായി വന്നിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സ് സമ്പൂർണ്ണമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി വിഷയം അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ

ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) വാർഷികകണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്) തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കേണ്ടതാണ്.
മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഡിസംബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പരാമർശങ്ങൾ ഒന്നും തന്നെ തീർപ്പാക്കുവാൻ ബാക്കിയില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഇതുവരെയായും നടന്നിട്ടില്ല.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും 2022 മെയ്, ആഗസ്റ്റ്, സെപ്തംബർ, ഡിസംബർ മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് പദ്ധതി 2020 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, വാതിൽപ്പടി സേവനം, വാർഷിക ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ 14 ഊരുകൂട്ടങ്ങളാണ് ഉള്ളത്. ഊരുകൂട്ടം മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-12 ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അന്തിമവിജ്ഞാപനം പ്രകാരം അംഗീകരിച്ച നിരക്കിലും കുറഞ്ഞ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തതിനാലുണ്ടായ നഷ്ടം ₹31609 ഈടാക്കേണ്ടതാണ്.

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെക്കൊടുത്തിരിക്കുന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് 01-04-2013 പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം (ഫയൽ നം.7133/11 തി:28.9.11) പ്രകാരം ഈടാക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത് എന്ന കണ്ടു. വിശദവിവരം ഉദാഹരണങ്ങൾ സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | അന്തിമ വിജ്ഞാപന പ്രകാരം നിശ്ചയിച്ച നിരക്ക് (ച.മീ.) | സഞ്ചയ പ്രകാരമുള്ള നിരക്ക് (ച.മീ.) |
|---|---|---|---|
| 1 | ആശുപത്രികൾ | 6 | 4 |

| | | | |
|---|---|---|---|
| 2 | വിദ്യാഭ്യാസ ആവശ്യം | 5 | 4 |
| 3 | വാണിജ്യ ആവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 45 | 40 |

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട ഇനം | വാർഡ് | കെട്ടിട നം. | പ്ലിന്ത് ഏരിയ | വസ്തു നികുതി ഈടാക്കിയ നിരക്ക് (/ച.മീ) | ഈടാക്കുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കേണ്ട നിരക്ക് (/ച.മീ) | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|
| 1 | ഡോ. തോമസ് കായിത്തറ | ആശുപത്രി | 2 | 10 | 144 | 4 | 605 | 6 | 907 ((BT+20%-20%))+5%LC | 302 |
| 2 | ഡോ.ശുഭ കെ കെ | ആശുപത്രി | 3 | 208 | 510 | 4 | 2571 | 6 | 3856 (BT+20%)+ 5%LC | 1285 |
| 3 | എം കെ അമ്മിണി | ആശുപത്രി | 3 | 519 | 609.4 | 4 | 3456 | 6 | 5183 (BT+35%)+ 5%LC | 1727 |
| 4 | സെക്രട്ടറി നമ്പർ 2605 എൻ എസ് എസ് കര യോഗം | ആശുപത്രി | 7 | 198 | 32 | 4 | 149 | 6 | 242 ((BT+20%-10%)+5%LC | 93 |
| 5 | പ്രസിഡണ്ട് ആലക്കോട് കോ-ഓപ്പ് ഡിസ്പെൻസറി സൊസൈറ്റി ലിമി. | ആശുപത്രി | 7 | 492A | 2043 | 4 | 12443 | 6 | 18663 (BT+45%)+ 5%LC | 6220 |
| 6 | ആലക്കോട് സഹകരണ | ആശുപത്രി | 7 | 492 | 130 | 4 | 492 | 6 | 737 (BT+20% -30%)+ | 245 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആശു പത്രി | | | | | | | | 5%LC | |
| 7 | ഡോ. മാർത്താ തോമസ് | ആശു പത്രി | 7 | 776 | 340.8 | 4 | 1575 | 6 | 2363 (BT+20%-10%)+5%LC | 788 |
| 8 | ഡോ. സുധ | ആശു പത്രി | 7 | 791 | 100 | 4 | 504 | 6 | 756(BT+20%)+ 5%LC | 252 |
| 9 | ചെയർ മാൻ, മേരി മാതാ എഡ്യൂ ക്കേഷ ണൽ ട്രസ്റ്റ് | സ്വകാര്യ കോളേജ് | 13 | 320A | 3011 | 4 | 0 | 5 | 18970 (BT+20%)+ 5%LC | 18970 |
| 10 | എഎൻ പ്രദീപ് സെക്രട്ടറി ഔവ്വർ ഇന്റർ നാഷ ണൽ എഡ്യൂ ക്കേഷൻ ആന്റ് ചാരിറ്റ ബിൾ ഫൗണ്ടേ ഷൻ | സ്വകാര്യ കോളേജ് | 19 | 244A | 950 | 4 | 4389 | 5 | 5486 (BT+20%-10%)+5%LC | 1097 |
| 11 | പ്രസി ഡണ്ട് വിൻ സെൻ ഷൻ ഒറീസ്സ സൊ സൈറ്റി | സ്വകാര്യ കോളേജ് | 19 | 390 | 420 | 4 | 1588 | 5 | 1985 (BT+20%-30%)+5%LC | 397 |
| 12 | ബിനോ, കൊല്ലം പറമ്പിൽ | ഫ്യൂവൽ സ്റ്റേഷൻ | 3 | 528A1 | 37 | 40 | 1865 | 45 | 2098 (BT+ 20%-30%)+ 5%LC | 233 |
| ആകെ | | | | | | | | | | 31609 |

മേൽ കെട്ടിടങ്ങളുടെ അന്തിമ വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കും സഞ്ചയ പ്രകാരമുള്ള വസ്തു നികുതി നിരക്കും വ്യത്യാസപ്പെട്ടതു സംബന്ധിച്ച വിഷയം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ആയത് നിലവിലും മാറ്റം വരുത്താതെയും പരിഹരിക്കാതെയും നിലനിൽക്കുകയാണ്.മേൽ പരാമർശിച്ച വിഭാഗത്തിലുൾപ്പെട്ട കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി 01-04-2013 പ്രാബല്യത്തിൽ നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് നിലവിലും വസ്തുനികുതി ഈടാക്കി വരുന്നത്. വസ്തുനികുതി തെറ്റായി നിർണ്ണയിക്കപ്പെട്ട ഇത്തരം ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷനിലൂടെ പരിഷ്കരിച്ച് 2013-14 മുതലുള്ള കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ചും 01-04-2023 പ്രാബല്യത്തിൽ വന്ന പുതുക്കിയ പരിഷ്കരണത്തിലും ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ യഥാർത്ഥ വർദ്ധനവ് വരാത്ത സാഹചര്യമുണ്ടായത് സംബന്ധിച്ചും നൽകിയ എൻക്വയറിക്ക് (നം.7/14.11.23) ഐ.കെ.എം. സൈറ്റ് തുറന്ന് നൽകുന്ന മുറയ്ക്ക് സഞ്ചയയിൽ മാറ്റം വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക്

സഞ്ചയയിൽ വ്യത്യാസം വരുത്തി 2022-23 വർഷം കുറവ് വന്ന ₹31609, കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 1-13 ക്രമവൽകരണ ഫീസ് ഈടാക്കിയതിൽ കുറവ്

A1-BA(7249)/2020 തി:16.09.19 പ്രകാരം ഡോ.ജോസ് പി.ആന്റണി എന്നവരുടെ ഉടമസ്ഥതയിലുള്ള ആശുപത്രി വിഭാഗത്തിൽപ്പെടുന്ന കെട്ടിടത്തിന് 422.66 ച.മീറ്ററിനാണ് പെർമിറ്റ് എടുത്തിരിക്കുന്നത്. എന്നാൽ ഫയൽ നം.SC1-6898/22 പ്രകാരം മേൽ കെട്ടിടത്തിന് 441.86ച.മീ. (11/534C)നാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. അധികം വന്ന 19.2 ച.മീ. ക്രമവൽകരിച്ചിട്ടില്ല. മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (8/14.11.23) ആയത് ക്രമവൽകരിച്ച് ക്രമവൽകരണ ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധിക വിസ്തീർണ്ണത്തിന്റെ ക്രമവൽകരണ ഫീസ് ഇനത്തിൽ (2019ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 95) ₹384 ഈടാക്കേണ്ടതാണ്.

## 1-14 എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ് -രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ആലക്കോട് ഗ്രാമപഞ്ചായത്തിലെ 01.04.22 മുതൽ 31.03.23 വരെ എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസിനായി ലഭിച്ച അപേക്ഷകൾ Ilgms ൽ പരിശോധിച്ചു. പരിശോധനയുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ/ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂലധനനിക്ഷേപം രേഖപ്പെടുത്താത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2. 1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക III പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ അപേക്ഷയിലോ ഡിമാന്റ് രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല.

3. 01.04.22ന മുൻപ് ഉള്ള അപേക്ഷകൾ Ilgms ൽ ലഭ്യമല്ല. ആയതിനാൽ അഡ്വാൻസ് കളക്ഷൻ ആയി ലഭിച്ച ₹1,68,200 യുടെ കൃത്യത പരിശോധിക്കുന്നതിനായി അപേക്ഷകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചു. ആയത് ലഭ്യമാക്കിയില്ല. ആയതിനാൽ അഡ്വാൻസ് കളക്ഷന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

4. 2022-23 വർഷത്തിൽ 825 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 21 വാർഡുകളിലായി 3160 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. പഞ്ചായത്ത് പരിധിയിൽ 2022-23 വർഷം പ്രവർത്തിച്ച ക്വാറി, ക്രഷർ എന്നവയുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (15/16.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 രജിസ്ട്രേഷനില്ലാതെ സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഫയൽ പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിരുന്നെങ്കിലും 2022-23 വർഷം ആയത് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | വേദ ആയുർവേദിക് ക്ലിനിക്ക്, ആലക്കോട് | ഡോ.സന്ധ്യ മുരളി |
| 2 | ഡെന്റൽ സ്പെഷ്യാലിറ്റി ക്ലിനിക്ക്, ആലക്കോട് | ഡോ.രജീഷ് |
| 3 | ആശീർവാദ് ക്ലിനിക്ക് | ഡോ.എം.ലക്ഷ്മി പ്രസാദ് |
| 4 | ഡെന്റൽ കെയർ സെന്റർ, തേർത്തല്ലി | മേരി അലക്സ് |

2. പി.ആർ.രാമവർമ്മ രാജാ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ആലക്കോട് എന്ന സ്ഥാപനം നാളിതുവരെയായി പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയതായി കാണുന്നില്ല. രജിസ്ട്രേഷൻ നടത്തുന്നതിനായി സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (14/16.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പി.ആർ.രാമവർമ്മ രാജാ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ആലക്കോട് നാളിതുവരെയായി പാരാ മെഡിക്കൽ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് ബോധ്യപ്പെട്ടാൽ ചട്ടം 8 പ്രകാരമുള്ള പിഴ ശിക്ഷ ഈടാക്കാവുന്നതാണ്. ചട്ടം 4എ പ്രകാരം ഗ്രാമപഞ്ചായത്തിൽ ജനന മരണ രജിസ്ട്രേഷൻ ഓൺലൈനായി നിർവ്വഹിക്കുന്നതിന് സഹായകമായ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വകാര്യ ആശുപത്രികൾക്കുള്ള ബാദ്ധ്യതയുണ്ട്. ആയത് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/തസ്വഭവ തിയതി 31-08-2019 പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യത്തീയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതു വരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടു പോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ വിനോദ

നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആലക്കോട് ഗ്രാമപഞ്ചായത്തിൽ ആലക്കോട് ഫിലിം സിറ്റിയിലെ 3 സ്ക്രീനുകൾ (ചന്ദ്ര, നക്ഷത്ര, സൂര്യ) ഉൾപ്പെടുന്ന തീയേറ്റർ സമുച്ചയമാണ് നിലവിലുള്ളത്. 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം ആകെ ₹1094085യാണ് വിനോദ നികുതി ഇനത്തിലെ വരവ്. തീയേറ്റർ ഉടമകൾ സമർപ്പിച്ച ടിക്കറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയ പട്ടികകൾ ആധാരമാക്കിയാണ് നിലവിലുള്ള ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. 2022 മാർച്ച് മാസം മുതൽ 2022 ഒക്ടോബർ വരെയുള്ള വിനോദനികുതിയാണ് 2022-23 സാമ്പത്തിക വർഷം ഒടുക്കിയിട്ടുള്ളത്. വിനോദനികുതി ഈടാക്കിയത് സംബന്ധിച്ച പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലഭ്യമായ രേഖകൾ പ്രകാരം 2022 ഏപ്രിൽ മാസം മുതൽ അടിസ്ഥാന നിരക്ക് 100/- രൂപയായതിനാൽ 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്. അടിസ്ഥാന ടിക്കറ്റ് നിരക്കായ 100/- രൂപയുടെ 5% ആയ 5/- രൂപയാണ് ഒരു ടിക്കറ്റിന്റെ വിനോദ നികുതിയായി ഈടാക്കി വരുന്നത്. തീയേറ്ററിൽ നിന്നും ലഭിക്കുന്ന ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തെ 5 കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയാണ് വിനോദ നികുതിയായി ഈടാക്കി വരുന്നത്. എന്നാൽ 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ₹4.44/ടിക്കറ്റ് നിരക്കിലാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്. ഈ കാലയളവിലെ ടിക്കറ്റിന്റെ അടിസ്ഥാന നിരക്ക് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. മേൽ ഉത്തരവ് പ്രകാരം സ്ഥാപനം ഒടുക്കുന്ന GST ക്ക് ആനുപാതികമായാണ് വിനോദ നികുതി ഈടാക്കേണ്ടത്. സ്ഥാപനത്തിന്റെ ജി എസ് ടി പരിശോധിച്ച് ഈടാക്കിയ വിനോദ നികുതിയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.
3. മേൽ ഉത്തരവ് പ്രകാരം ഒരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയതിക്ക് മുൻപ് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും മാസങ്ങൾ വൈകിയാണ് നികുതി ഒടുക്കുന്നതെന്നും ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. 2022 നവംബർ മുതൽ 2023 മാർച്ച് വരെയുള്ള വിനോദ നികുതി 2023 മെയ് മാസം ആണ് അടവാക്കിയത്. 2022 നവംബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള കാലയളവിലെ വിനോദ നികുതി 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ പിരിച്ചെടുക്കാതിരുന്നത് വീഴ്ചയാണ്. വിനോദ നികുതി വൈകി അടവാക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന് നോട്ടീസ് നൽകിയോയെന്ന് വ്യക്തതയില്ല.

4. സിനിമ റെഗുലേഷൻ ആക്ട് പ്രകാരം 2022-23 വർഷം തീയേറ്റർ ലൈസൻസ് പുതുക്കിയതിന്റെ അപേക്ഷ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(4/10.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിനോദ നികുതി ഈടാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ തന്നെ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതിന് ശേഷം ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആലക്കോട് ശാഖയിലെ 37552742622നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ടെങ്കിലും (ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് 01-04-2022 മുതൽ 10-11-2023 വരെ) പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. 31-03-2023 തീയതിയിൽ 160308/- രൂപയും 04-11-2023 തീയതിയിൽ 289531/- രൂപയും പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട് (പ്രസ്തുത അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ ചെലവ് കൃത്യത പരിശോധിക്കുവാനായിട്ടില്ല).

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാൻ ബാക്കിയുള്ള തുകയുടെ വിശദവിവരവും പ്രസ്തുത തുക ലഭിക്കുന്നതിന് സ്വീകരിച്ച

നടപടികളും അറിയിച്ചിട്ടില്ല.
ഇ-ടെണ്ടർ മുഖേന അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റായി വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുവാൻ ബാക്കിയുള്ള തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17-11-2023) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പൊതു അവലോകനം.

വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ വസ്തു നികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി നികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ വിലയിരുത്തിക്കൊണ്ട് തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തു നികുതിഃ

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ(അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആലക്കോട് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭരണസമിതിയുടെ 10.08.2023 തീയതിയിലെ 528/2023 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുന്ന മുറയ്ക്ക് പുതിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതിഃ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി

സൂക്ഷിച്ചിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത്. എന്നാൽ പുതിയ അപേക്ഷകളിലുൾപ്പെടെ മൂലധനനിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത്. മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 1996ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 415 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയ്നേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

10. വാർഡ് വൈസ് ട്രേഡ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

11. യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനങ്ങളിലുള്ള തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾക്കനുസരിച്ച് തനത് വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-19 ആലക്കോട് തിമിരി വാതക ശ്മശാനം-24,06,630/- രൂപ ചെലവഴിച്ച് നവീകരണ പ്രവൃത്തി നടത്തിയെങ്കിലും പ്രവർത്തനക്ഷമമായില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ആലക്കോട് തിമിരി ശ്മശാനം കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി തൻവർഷം താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 41/23 |
| പ്രൊജക്ടിന്റെ പേര് | തിമിരി ശ്മശാനം നവീകരണം |

| | |
|---|---|
| അടങ്കൽ | ₹ 2500000<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് തുക | ₹2314743 (2066735+12% GST) |
| വൗച്ചർ നമ്പർ, തീയതി | 37തീയതി 06-07-2022<br>(എ സി ആർ പ്രകാരം) |
| കരാറുകാരന്റെ പേര് | ശ്രീ.എൻ.സി.സെബാസ്റ്റ്യൻ |
| ക്വാട്ട് ചെയ്ത നിരക്ക് | 2074048 (ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 87/21-22,87/21-22A |
| കരാർ നമ്പർ, തീയതി. | 70/AE/LSGD/AKD/21-22<br>തീയതി 24-03-2022 |
| പി എ സി തുക | ₹2074048 |
| പൂർത്തീകരണ കാലയളവ് | 6 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 19-06-2022 |

2022-23 വാർഷിക പദ്ധതിയിൽ തന്നെയുൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തിമിരി ശ്മശാനത്തിലേക്ക് ഗ്യാസ് സിലിണ്ടർ വിതരണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ- 199/23) താഴെപ്പറയും പ്രകാരം 40 ഗ്യാസ് സിലിണ്ടറും വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ | 199/23 |
| പ്രൊജക്ടിന്റെ പേര് | തിമിരി ശ്മശാനത്തിലേക്ക് ഗ്യാസ് സിലിണ്ടർ |
| അടങ്കൽ | ₹ 50000 വികസനഫണ്ട് (ജനറൽ)<br>₹ 170000 തനത് ഫണ്ട്. |
| ചെലവ് തുക | ₹91887 |
| വൗച്ചർ നമ്പർ,തീയതി | 537 തീയതി 28-03-2023 (എ സി ആർ പ്രകാരം)<br>₹41887 (തനത് ഫണ്ട്)<br>536/28-03-2023<br>₹50000 (വികസന ഫണ്ട്-ജനറൽ) |
| കരാറുകാരന്റെ പേര് | അന്ന ഇൻഡേൻ സർവീസസ്, ചെറുപുഴ |

എന്നാൽ നാളിതുവരെയായും ശ്മശാനത്തിൽ ഗ്യാസ് ഉപയോഗിച്ച് മൃതദേഹങ്ങൾ ദഹിപ്പിച്ചിട്ടില്ല. പരമ്പരാഗത രീതിയിൽ തന്നെയാണ് നിലവിലും സംസ്കരണം നടക്കുന്നത്. തിമിരി ശ്മശാനം ഗ്യാസ് ഉപയോഗിച്ച് ദഹിപ്പിക്കുന്ന തരത്തിൽ പ്രവർത്തനയോഗ്യമാക്കുന്നതിന് ഏകദേശം 70 ലക്ഷം രൂപയാണ് വേണ്ടിയിരുന്നതെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം ഘട്ടം ഘട്ടമായി പണി പൂർത്തീകരിക്കുന്നതെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/17-11-2023) ഗ്രാമപഞ്ചായത്ത് മറുപടി നൽകി. ഒന്നാം ഘട്ടമായി ചൂളയുടെയും പുകക്കുഴലിന്റെയും രണ്ടാം ഘട്ടമായി പ്ലാസ്റ്ററിംഗ്, ടൈലിംഗ്, വരാന്ത റൂഫിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചു. വയറിംഗ്, പ്ലംബിംഗ് പ്രവർത്തികൾക്കായി 2023-24 വർഷ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ഈ വർഷം തന്നെ ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഗ്യാസ് ഉൾപ്പെടെയുള്ള സംവിധാനം ഒരുക്കുന്നതിന് മേൽ പരാമർശിച്ച പ്രകാരം തുക ചെലവഴിച്ചുവെങ്കിലും പ്രോജക്ട് ഇതുവരെ ലക്ഷ്യം കൈവരിക്കാത്തതിനാൽ 24,06,630/- രൂപയുടെ (2314743+91887) ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നടപ്പിലാക്കി വിവരം അറിയിക്കുന്ന മുറക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-20 സോളാർ പാനൽ സ്ഥാപിച്ചത് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 11,11,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആലക്കോട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 11,11,000/- രൂപ അനർട്ടിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0197/23 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ |
| എസ്റ്റിമേറ്റ് തുക | ₹1111000 |
| അടങ്കൽ ₹1115000 | ₹215000 വികസന ഫണ്ട് പൊതു വിഭാഗം<br>₹900000 തനത് ഫണ്ട് |
| ചെലവഴിച്ച തുക | ₹1114745 |
| ബിൽ നമ്പർ, തീയതി | 1) 301/20-02-2023/₹215000 (വികസന ഫണ്ട് പൊതു വിഭാഗം)<br>2) 307/22-02-2023/₹8,96,000 (തനത് ഫണ്ട്)<br>3) 267/14-02-2023/₹3745 (തനത് ഫണ്ട്) - കെ.എസ്.ഇ.ബിയിൽ അടച്ച തുക |

എസ്റ്റിമേറ്റിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| Sl. No. | Description | Capacity | Amount |
|---|---|---|---|
| 1 | Installation Solar Photovoitaiic On Grid Power Plant At Alakkode Grama Panchayath Building | 10 KWP | ₹6,70,000 |
| 2 | Installation Solar Photovoitaiic On Grid Power Plant At VEO-Assistant Engineer Building | 3 KWP | ₹2,04,000 |
| 3 | Installation Solar Photovoitaiic On Grid Power Plant At Alakkode Grama Panchayath Krishi Bhavan | 2 KWP | ₹1,36,000 |
| | ആകെ തുക | | ₹10,10,000 |
| | Anert Service Charge (10%) | | ₹1,01,000 |
| | മൊത്തം തുക | | ₹11,11,000 |

സൗരോർജ്ജ പ്ലാന്റ് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ചപ്രകാരം അനർട്ടിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. സൗരോർജ്ജപ്ലാന്റ് സ്ഥാപിച്ചതിന് 10% ധനസഹായം ലഭിക്കുന്നതിന് വേണ്ടി 21-02-2023ലെ എ2-22/2023 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ജില്ലാ എൻജിനീയർക്ക് (അനർട്ട്) കത്തു നൽകിയിരുന്നു. 99,190/- രൂപയാണ് അനർട്ട് പഞ്ചായത്തിന് തിരികെ നൽകിയത്. എസ്റ്റിമേറ്റ് പ്രകാരം അനർട്ടിന്റെ സർവീസ് ചാർജ്ജ് ഒഴികെ കൈമാറിയ തുക 10,10,000/- രൂപയാണ്. ഇതനുസരിച്ച് 1,01,000/- രൂപയാണ് ലഭിക്കേണ്ടത്. തിരികെ അനുവദിച്ച തുകയിൽ 1810/- രൂപ കുറവ് വന്നതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച്

അനർട്ടിന് കത്തു നൽകേണ്ടതാണ്. കരാറിലെ നിർദ്ദേശ പ്രകാരം പ്ലാന്റിന്റെ പ്രവർത്തനാനുമതിയ്ക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ അപേക്ഷ നൽകുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്ത് (എൻക്വയറി നമ്പർ-9/14-11-23) വ്യക്തമാക്കിയത്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുകയായ 11,11,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 എ.ബി.സി. പദ്ധതി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 1,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എ.ബി.സി. പ്രോഗ്രാം എന്ന പ്രോജക്ടിലെ അടങ്കൽ തുക നിർവ്വഹണ ഏജൻസിയായ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0239/23/23 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 1,80,000/- (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 1,80,000/- |
| ബിൽ നമ്പർ, തീയതി | 236/6-02-2023/₹180000 |

പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. സ.ഉ(സാധാ)നം.2065/2022/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ-6/14-11-23) മറുപടിയിൽ അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 1,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ/ 29-12-2000) ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. 2021-22 വർഷത്തെ ലൈബ്രറി സെസ് തുകയായ 3,62,938/- രൂപ 06-09-2022നാണ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയത് (വൗച്ചർ നമ്പർ-22200739/6-09-2022). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-20/17-11-2023) തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-23 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം ആകെ 218 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്. ആയതിനാൽ ചുരുങ്ങിയത് രണ്ട് പ്രോജക്ടുകളിലെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഒന്നും തന്നെ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പ് വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്തിയിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.നെയിം ബോർഡുകൾക്ക് വേണ്ടി തുക ചെലവഴിക്കുന്നത് കണക്കിലെടുത്താണ് അവ സ്ഥാപിക്കുന്നത് ഒഴിവാക്കിയതെന്നും മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിന് പലതവണ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുമായി ചർച്ച ചെയ്തുവെങ്കിലും സ്ഥിരം അംഗങ്ങളെ ലഭിക്കാതിരുന്നതിനാലാണ് പ്രോജക്ട് മോണിറ്ററിംഗ് നടത്തി ഫാറം ഫയലുകളിൽ സൂക്ഷിക്കാതിരുന്നതെന്നുമുള്ള മറുപടി (ഓഡിറ്റ് എൻക്വയറി നമ്പർ-23/17-11-2023) അംഗീകരിക്കുന്നില്ല. പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്.

മേൽ പരാമർശിച്ച അപാകങ്ങൾ ഭാവിയിലെ പദ്ധതി നിർവ്വഹണ സമയത്ത് പരിഹരിക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് മുൻകൂർ തുക നൽകിയെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല-₹3,03,153 തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം, തേർത്തല്ലി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നു വാങ്ങൽ പ്രൊജക്ടുകളിൽ ₹3,03,153യുടെ മരുന്ന് KMSCLൽ നിന്ന് ലഭ്യമാകാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. എഫ്.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കുടുംബ ആരോഗ്യ കേന്ദ്രം, തേർത്തല്ലി |
| പ്രോജക്ട് നം | 22/23 |
| പ്രൊജക്ടിന്റെ പേര് | എഫ്.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹7,00,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹699978 |
| ബിൽ നം./തീയതി | ₹65677-ബിൽ നം.27/25.06.2022<br>₹85196-ബിൽ നം.90/22.09.2022<br>₹297541-ബിൽ നം.129/11.11..2022<br>₹52359-ബിൽ നം.166/22.12.2022<br>₹80643-ബിൽ നം.215/24.01.2023<br>₹96355-ബിൽ നം.281/15.02.2023<br>₹22207-ബിൽ നം.338/08.03.2023 |

തേർത്തല്ലി എഫ്.എച്ച്.സി.യിലേക്ക് മരുന്നു വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് ലക്ഷ്യം വയ്ക്കുന്നത്. ബിൽ നം.129/11.11.2022 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹297541 (PRF1868/27.10.22) മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ ₹1,79,887 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (അവസാനമായി ലഭിച്ച ഇൻവോയ്സ്: നം.20436/6.11.23). ₹1,17,654 യുടെ മരുന്ന് നിലവിൽ ലഭിച്ചിട്ടില്ല.

2. ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കുടുംബ ആരോഗ്യ കേന്ദ്രം, തേർത്തല്ലി |
| പ്രോജക്റ്റ് നം | 23/23 |
| പ്രൊജക്ടിന്റെ പേര് | ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹3,00,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹299982 |
| ബിൽ നം./തീയതി | ₹180689-ബിൽ നം.120/01.11.2022<br>₹14820-ബിൽ നം.190/10.01.2023<br>₹41006-ബിൽ നം.282/15.02.2022<br>₹63467-ബിൽ നം.339/08.03.2023 |

ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് ലക്ഷ്യം വയ്ക്കുന്നത്. ബിൽ നം.120/01.11.2022 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹180689 (PRF860/2.8.22) മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ ₹75794യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (അവസാനമായി ലഭിച്ച ഇൻവോയ്സ്: നം.13192/18.07.23). ₹104895 യുടെ മരുന്ന് നിലവിൽ ലഭിച്ചിട്ടില്ല.

3. സാന്ത്വന പരിചരണ പരിപാടി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കുടുംബ ആരോഗ്യ കേന്ദ്രം, തേർത്തല്ലി |
| പ്രോജക്റ്റ് നം. | 24/23 |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണ പരിപാടി |
| അടങ്കൽ<br>ആകെ-₹11,00,000 | ₹8,00,000-വികസന ഫണ്ട് (പൊതു വിഭാഗം)<br>₹300000-ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ്<br>ആകെ-₹952318 | ₹692829-വികസന ഫണ്ട് (പൊതു വിഭാഗം)<br>₹259489-ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ നം./തീയതി | ₹227750-ബിൽ നം.89/01.11.2022<br>₹45310-ബിൽ നം.109/14.10.2022<br>₹149517-ബിൽ നം.119/1.11.2022<br>₹45310-ബിൽ നം.128/11.11.2022<br>₹45310-ബിൽ നം.149/08.12.2022<br>₹61017-ബിൽ നം.205/19.01.2023<br>₹45310-ബിൽ നം.260/12.02.2023<br>₹17060-ബിൽ നം.283/15.02.2023<br>₹56245-ബിൽ നം.341/09.03.2023<br>₹259489-ബിൽ നം.319/28.02.2023 |

പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നും മറ്റ് അത്യാവശ്യ ഉപകരണങ്ങളും എത്തിക്കുന്നതിനും സാന്ത്വന പരിചരണം ഉറപ്പ് വരുത്തുന്നതിനുമാണ് മേൽ പ്രൊജക്ട് ലക്ഷ്യം വയ്ക്കുന്നത്.

ബിൽ നം.119/1.11.2022 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹119750 (PRF813/27.07.22) മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ ₹95858യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (അവസാനമായി ലഭിച്ച ഇൻവോയ്സ്: നം.20416/06.11.23). ₹23892 യുടെ മരുന്ന് നിലവിൽ ലഭിച്ചിട്ടില്ല. മേൽ ബിൽ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹29767 (PRF836/1.8.22) കൂടി മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ ₹29695യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (അവസാനമായി ലഭിച്ച ഇൻവോയ്സ്: നം.21656/30.12.22). ₹72യുടെ മരുന്ന് നിലവിൽ ലഭിച്ചിട്ടില്ല.

ബിൽ നം.319/28.02.2023 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹159536 (PRF4791/25.02.2023) മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ ₹147934യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (അവസാനമായി ലഭിച്ച ഇൻവോയ്സ്: നം.19331/11.10.23). ₹11602യുടെ മരുന്ന് നിലവിൽ ലഭിച്ചിട്ടില്ല. മേൽ ബിൽ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ₹99953 (PRF4790/25.02.23) കൂടി മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ ₹54915 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് (അവസാനമായി ലഭിച്ച ഇൻവോയ്സ്: നം.17568/18.9.23). ₹45038 യുടെ മരുന്ന് നിലവിൽ ലഭിച്ചിട്ടില്ല.

മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (19/17.11.23) മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കാനുള്ള തുകയായ ₹3,03,153 (117654+104895+23892+72+11602+45038) തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഗോത്ര സാരഥി പദ്ധതി - വാഹന ഉടമകളുടെ കൈപ്പറ്റ് രസീതികൾ ലഭ്യമല്ല. ചെലവ് തുക 2,72,110/-രൂപ തടസ്സപ്പെടുത്തുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ യാത്രാ സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് ഗോത്രസാരഥി. ആലക്കോട് ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. യു.പി. സ്കൂൾ |
| പ്രോജക്ട് നമ്പർ | 88/23 |
| പ്രോജക്ടിന്റെ പേര് | ഗോത്ര സാരഥി പദ്ധതി |
| അടങ്കൽ | 10,88,800/- ടി.എസ്.പി |
| ചെലവഴിച്ച തുക | 7,26,185/- |

പഞ്ചായത്ത് പരിധിയിലെ താഴെ ചേർക്കുന്ന വിദ്യാലയങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ വിദ്യാലയത്തിലെത്തിച്ച വാഹന ഉടമയ്ക്കുള്ള പ്രതിഫലം ഇനത്തിലുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത വിദ്യാലയങ്ങളുടെ (പട്ടികയിൽ പരാമർശിച്ച ബില്ലുകളിൽ) തുക ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകൾ ഉണ്ടെങ്കിലും പ്രസ്തുത തുകകൾ വാഹന ഉടമകൾ സ്വീകരിച്ചത് സംബന്ധിച്ചുള്ള കൈപ്പറ്റ് രസീതികൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക കൈപ്പറ്റിയ വിദ്യാലയ അധികാരി | തുക ക്ലെയിം ചെയ്ത വാഹന ഉടമയുടെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | ഹെഡ്മാസ്റ്റർ, എൻഎസ്.എസ്. എച്ച്.എസ്.എസ്., ആലക്കോട് | മോഹനൻ സി.കെ | 96800 (2022 മാർച്ച് മാസത്തെ വാടക) | 131/22-11-2022/ 252780 |
| 2 | ഹെഡ്മാസ്റ്റർ, ചിറ്റടി, എ.എൽ.പി. സ്കൂൾ | ബിനീഷ് എൻ.സി. | 40800 (2022 ജനവരി , ഫെബ്രുവരി, മാർച്ച് മാസത്തെ വാടക) | ടി |
| 3 | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്. വിജയഗിരി | റിന്റോ ജോസ് | 1260+1400=2660 (2022 മാർച്ച് മാസത്തെ വാടക) | ടി |
| 4 | ടി | ടോമി തോമസ് പുത്തൻപുരയിൽ | 4200 (2022 മാർച്ച് മാസത്തെ വാടക) | ടി |
| 5 | ടി | പ്രിൻസ് കരിശ്ശേം മൂട്ടിൽ | 1820 (2022 മാർച്ച് മാസത്തെ വാടക) | ടി |

| | | | | |
|---|---|---|---|---|
| 6 | ഹെഡ്മാസ്റ്റർ, ചിറ്റടി, എ.എൽ.പി. സ്കൂൾ | ബിനീഷ് എൻ.സി. | 31450 (2022 ആഗസ്ത്, സെപ്റ്റംബർ മാസങ്ങളിലെ വാടക) | 224/1-02-23/ 473405 |
| 7 | ജി.എച്ച്.എസ്. രയരോം | ബിനീഷ് എൻ.സി | 94380 (ടി) | ടി |
| ആകെ | | | 272110 | |

പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ-13/16-11-2023) മറുപടിയോടൊപ്പം ഹാജരാക്കിയ രേഖകളിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കൈപ്പറ്റ് രസീതികൾ ഉൾപ്പെടുന്നില്ല. കൈപ്പറ്റ് രസീതികളുടെ അഭാവത്തിൽ 2,72,110/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രസീതികൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ (കുടുംബ ആരോഗ്യ കേന്ദ്രം,തേർത്തല്ലി), ഗവ. ആയുർവേദ ആശുപത്രി (നെല്ലിപ്പാറ)എന്നീ സ്ഥാപനങ്ങളുടെ വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച.

2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9 (1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് (സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, ബി എസ് എൻ എൽ ഭവൻ മൂന്നാം നില, കണ്ണൂർ-1) ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കുടുംബ ആരോഗ്യ കേന്ദ്രം, തേർത്തല്ലിയുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കുടുംബ ആരോഗ്യ കേന്ദ്രം, തേർത്തല്ലിയുടെ ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങളും വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(18/17.11.23) മറുപടിയായി കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗവ. ആയുർവേദ ആശുപത്രിയുടെ (നെല്ലിപ്പാറ) ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനഃസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങളും വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/15.11.23) മറുപടിയായി 2004-05 മുതൽ 2009-10 വരെയുള്ള ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും (വാർഷിക കണക്കുകളിൽ അപാകങ്ങൾ ഉള്ളതിനാൽ 2004-05 മുതൽ 2009-10 വരെയുള്ള കണക്കുകൾ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല) കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-01-2006ലെ 42774/എം.3/05/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തിരമായി സമർപ്പിക്കുന്നതിന് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിക്ക് നിർദ്ദേശം നല്കുന്നതിനായി മേൽ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നിർവഹണത്തിനായി ₹262500 കണ്ണൂർ ജില്ലാ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെ പരാമർശിച്ച പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 77/23 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹262500 വികസന ഫണ്ട് – പൊതുവിഭാഗം |
| | |

| | |
|---|---|
| ₹525000 | ₹262500 മറ്റുള്ളവ |
| ചെലവ് {ബിൽ നമ്പർ/തീയതി/തുക (ACR പ്രകാരം)} | 367/16.3.23/₹ 262500 |

പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ടോയെന്നും പദ്ധതി ഗുണഭോക്താക്കളിൽ 21 പേരും പദ്ധതിയിൽ തുടരുന്നുണ്ടോയെന്നും നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/15.11.2023) നല്കിയ മറുപടിയിൽ ഏപ്രിൽ മാസം മുതൽ ക്ഷീരോൽപ്പാദക സംഘം വഴി കന്നുകുട്ടികൾക്ക് തീറ്റ നൽകി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-28 കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്കു ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ആലക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്കു ധനസഹായം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ/പേര് | 80/23 കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്കു ധനസഹായം |
| അടങ്കൽ | ₹100000 (വികസന ഫണ്ട്) |
| ബിൽ നം./തീയതി/തുക (ACR പ്രകാരം) | 388/17.3.23/₹1,00,000 |

കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് ധനസഹായം കൈമാറുന്നതാണ് പദ്ധതി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/10.11.23) മറുപടിയായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് 1,00,000/- രൂപ കൈമാറിയതിന്റെ രേഖകൾ (ബിൽ കോപ്പി), കേരള സാമൂഹ്യ സുരക്ഷാമിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് എന്നിവ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും പ്രോജക്ടിലുൾപ്പെടുത്തിയ കുട്ടികൾക്ക് മേൽ ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പു വരുത്തിയിട്ടില്ലാത്തതിനാലും 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പ്രയോജനം ലഭ്യമാകേണ്ട കുട്ടികൾക്ക് ആയത് ലഭിച്ചു എന്നുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.11.23ലെ സർക്കുലർ നമ്പർ ഡി.എ.1/284/23ലെ നിർദ്ദേശങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 തയ്യൽ ഗ്രൂപ്പുകൾക്ക് ധനസഹായം (വനിത )- രേഖകൾ ഹാജരാക്കിയിട്ടില്ല 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ വനിതകളുടെ ഗ്രൂപ്പ് സംരംഭത്തിന് സബ്സിഡി അനുവദിക്കുന്നതിന് വേണ്ടിയുള്ള പ്രോജക്ടാണിത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആലക്കോട് സർക്കിൾ |
| പ്രോജക്ട് നം. & പേര് | 60/23, തയ്യൽ ഗ്രൂപ്പുകൾക്ക് ധനസഹായം (വനിത) (സ്പിൽ ഓവർ) |
| അടങ്കൽ ₹500000 | ₹490000 (വികസന ഫണ്ട്) ₹10000 (തനത്ഫണ്ട്) |
| ചെലവ് | ₹490000 (വികസന ഫണ്ട്) ₹10000 (തനത്ഫണ്ട്) |
| ബിൽ | 4/30.4.22/₹100000 |

| | |
|---|---|
| നം./തീയതി/തുക (ACR പ്രകാരം) | 30/30.6.22/₹300000<br>44/15.7.22/₹90000<br>45/15.7.22/₹10000 |

മേൽ പ്രോജക്റ്റ് പ്രകാരം 5 വനിതാ ഗ്രൂപ്പുകൾക്ക് ₹100000 വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. 5 ഗ്രൂപ്പുകളും സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ബാങ്ക് വായ്പ ഉപയോഗിച്ചാണ് സംരംഭം ആരംഭിക്കുന്നത്. ഇതിൽ നന്ദന, കളേഴ്സ് എന്നീ ഗ്രൂപ്പുകൾക്ക് എത്ര രൂപയാണ് വായ്പ അനുവദിച്ചതെന്ന ബാങ്കിന്റെ സാക്ഷ്യപത്രം, തിരിച്ചടച്ചതുമായി ബന്ധപ്പെട്ട ബാങ്ക് പാസ് ബുക്ക്, സംരംഭം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 18.11.23ന് നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ആലക്കോട് സർക്കിൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ- രേഖകൾ ഹാജരാക്കിയിട്ടില്ല. 32,54,476/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആലക്കോട് സർക്കിൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | മിനി എം.സി.എഫ് ബോട്ടിൽ ബൂത്ത് | റിംഗ് കമ്പോസ്റ്റ് | ഹരിത ഗ്രാമം |
|---|---|---|---|
| പ്രോജക്റ്റ് നം. | 57/23 (സ്പിൽ ഓവർ) | 50/23 (സ്പിൽഓവർ) | 59/23 (സ്പിൽ ഓവർ) |
| അടങ്കൽ | ₹447900 (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹567100 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ ₹1015000 | ₹900200 (ധനകാര്യ കമ്മീഷൻഅവാർഡ്)<br>₹990000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹2050 (തനത്ഫണ്ട്)<br>₹183250 (മറ്റുള്ളവ)<br>ആകെ ₹2075500 | ₹42150 (വികസനഫണ്ട്)<br>₹500 (തനത്ഫണ്ട്)<br>₹130600 (ബ്ലോക്ക് വിഹിതം)<br>₹47500 (മറ്റുള്ളവ)<br>ആകെ ₹220750 |
| ചെലവ് | ₹447900 (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹514550 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ ₹962450 | ₹900200 (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹990000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹1983 (തനത്ഫണ്ട്)<br>₹183243 (മറ്റുള്ളവ)<br>ആകെ ₹2075426 | ₹40500 (വികസനഫണ്ട്)<br>₹130600 (ബ്ലോക്ക് വിഹിതം)<br>₹ 45500 (മറ്റുള്ളവ)<br>ആകെ ₹216600 |
| ബിൽ നം./തീയതി/തുക (ACR പ്രകാരം) | 421/11.7.22/₹447900<br>51120000901220022/ 20.7.22/514550 (റിക്വസിഷൻ നമ്പർ) | 43/11.7.22/900200<br>53/22.7.22/1983<br>5112000901220026/ 4.8.22/ 155520 (റിക്വസിഷൻ നമ്പർ)<br>5112000901220006/ 27.5.22/ 834480 (റിക്വസിഷൻ നമ്പർ)<br>5112000901220024/ 22.7.22/ 117523 (റിക്വസിഷൻ നമ്പർ)<br>5112000901220005/ 22.7.22/ 117523 | 18/15.6.22/40500<br>5112000901220016/ 11.7.22/ 130600 (റിക്വസിഷൻ നമ്പർ)<br>5112000901220085/ 30.3.23/ 41000 (റിക്വസിഷൻ നമ്പർ)<br>5112000901220008/ 15.6.22/4500 (റിക്വസിഷൻ നമ്പർ) |

| | | | |
|---|---|---|---|
| | | (റിക്വസിഷൻ നമ്പർ) | |
| റിമാർക്സ് | 50 മിനി എം.സി.എഫ് ബോട്ടിൽ ബൂത്ത് ക്യാപ്പിറ്റൽ വൺ ട്രേഡിംഗ് , കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മിനി എം.സി.എഫ് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. | ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസ് പൂവം എന്ന സ്ഥാപനത്തിൽ നിന്നും 907 ഫോർട്ടബിൾ റിംഗ് കമ്പോസ്റ്റ് ടാങ്ക് വാങ്ങിയിട്ടുണ്ട്. റിംഗ് കമ്പോസ്റ്റ് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | മരിയ ഹൈജീൻ സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്നും 25 ബയോക്ലീൻ ബയോബിന്നും, 171600/- രൂപ ചെലവഴിച്ച് ആറളം ഫാമിൽ നിന്നും 1760 എണ്ണം പഴവർഗ്ഗ തൈകളും വാങ്ങിയിട്ടുണ്ട് (Jackfruit -440, Mango Graft -440, Lemon Layer- 440, Rose Apple- 440). ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തി യതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് 18.11.23 ന് നൽകിയ 27 & 28 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ 32,54,476/- (962450+2075426+216600) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

പദ്ധതി പ്രവർത്തനം നടത്തുന്ന നിർവ്വഹണോദ്യോഗസ്ഥർ കൃത്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിച്ച് പൊതു പണത്തിന്റെ ചെലവിന്റെ സുതാര്യത ഉറപ്പാക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതി ഇക്കാര്യം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അന്തിമ വിജ്ഞാപനം പ്രകാരം അംഗീകരിച്ച നിരക്കിലും കുറഞ്ഞ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി ഡിമാന്റ് ചെയ്തതിനാലുണ്ടായ നഷ്ടം-₹31609 ഈടാക്കേണ്ടതാണ്

ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വസ്തു നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെക്കൊടുത്തിരിക്കുന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് 01-04-2013 പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം (ഫയൽ നം.7133/11 തി:28.9.11) പ്രകാരം ഈടാക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത് എന്ന് കണ്ടു. വിശദവിവരം ഉദാഹരണങ്ങൾ സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | അന്തിമ വിജ്ഞാപന പ്രകാരം നിശ്ചയിച്ച നിരക്ക് (ച.മീ.) | സഞ്ചയ പ്രകാരമുള്ള നിരക്ക് (ച.മീ.) |
|---|---|---|---|
| 1 | ആശുപത്രികൾ | 6 | 4 |
| 2 | വിദ്യാഭ്യാസ ആവശ്യം | 5 | 4 |
| 3 | വാണിജ്യ ആവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 45 | 40 |

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട ഇനം | വാർഡ് | കെട്ടിട നം | പ്ലിന്ത് ഏരിയ | വസ്തു നികുതി ഈടാക്കിയ നിരക്ക് (/ച.മീ) | ഈടാക്കുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കേണ്ട നിരക്ക് (/ച.മീ) | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | ഡോ. തോമസ് കായിത്തറ | ആശുപത്രി | 2 | 10 | 144 | 4 | 605 | 6 | 907 ((BT+20%-20%))+5%LC | 302 |
| 2 | ഡോ.ശുഭ കെ കെ | ആശുപത്രി | 3 | 208 | 510 | 4 | 2571 | 6 | 3856 (BT+20%)+ 5%LC | 1285 |
| 3 | എം കെ അമ്മിണി | ആശുപത്രി | 3 | 519 | 609.4 | 4 | 3456 | 6 | 5183 (BT+35%)+ 5%LC | 1727 |
| 4 | സെക്രട്ടറി നമ്പർ 2605 എൻ എസ് എസ് കര യോഗം | ആശുപത്രി | 7 | 198 | 32 | 4 | 149 | 6 | 242 ((BT+20%-10%)+5%LC | 93 |
| 5 | പ്രസിഡണ്ട് ആലക്കോട് കോ-ഓപ്പ് ഡിസ്പെൻസറി സൊസൈറ്റി ലിമി. | ആശുപത്രി | 7 | 492A | 2043 | 4 | 12443 | 6 | 18663 (BT+45%)+ 5%LC | 6220 |
| 6 | ആലക്കോട് സഹകരണ ആശുപത്രി | ആശുപത്രി | 7 | 492 | 130 | 4 | 492 | 6 | 737 (BT+20%-30%)+5%LC | 245 |
| 7 | ഡോ. മാർത്താ തോമസ് | ആശുപത്രി | 7 | 776 | 340.8 | 4 | 1575 | 6 | 2363 (BT+20%-10%)+5%LC | 788 |
| 8 | ഡോ. സുധ | ആശുപത്രി | 7 | 791 | 100 | 4 | 504 | 6 | 756(BT+20%)+ 5%LC | 252 |
| 9 | ചെയർമാൻ, മേരി മാതാ എഡ്യൂക്കേഷണൽ ട്രസ്റ്റ് | സ്വകാര്യ കോളേജ് | 13 | 320A | 3011 | 4 | 0 | 5 | 18970 (BT+20%)+ 5%LC | 18970 |
| 10 | എഎൻ പ്രദീപ് സെക്രട്ടറി ഔവ്വർ ഇന്റർനാഷണൽ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ഫൗണ്ടേഷൻ | സ്വകാര്യ കോളേജ് | 19 | 244A | 950 | 4 | 4389 | 5 | 5486 (BT+20%-10%)+5%LC | 1097 |
| 11 | പ്രസിഡണ്ട് വിൻസെൻഷൻ ഒറീസ്സ സൊസൈറ്റി | സ്വകാര്യ കോളേജ് | 19 | 390 | 420 | 4 | 1588 | 5 | 1985 (BT+20%-30%)+5%LC | 397 |
| 12 | ബിനോ, കൊല്ലം പറമ്പിൽ | ഫ്യൂവൽ സ്റ്റേഷൻ | 3 | 528A1 | 37 | 40 | 1865 | 45 | 2098 (BT+ 20%-30%)+ 5%LC | 233 |

| | |
|---|---|
| ആകെ | 31609 |

മേൽ കെട്ടിടങ്ങളുടെ അന്തിമ വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കും സഞ്ചയ പ്രകാരമുള്ള വസ്തു നികുതി നിരക്കും വ്യത്യാസപ്പെട്ടതു സംബന്ധിച്ച വിഷയം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ആയത് നിലവിലും മാറ്റം വരുത്താതെയും പരിഹരിക്കാതെയും നിലനിൽക്കുകയാണ്.മേൽ പരാമർശിച്ച വിഭാഗത്തിലുൾപ്പെട്ട കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതി 01-04-2013 പ്രാബല്യത്തിൽ നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് നിലവിലും വസ്തുനികുതി ഈടാക്കി വരുന്നത്. വസ്തുനികുതി തെറ്റായി നിർണ്ണയിക്കപ്പെട്ട ഇത്തരം ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷനിലൂടെ പരിഷ്കരിച്ച് 2013-14 മുതലുള്ള കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ചും 01-04-2023 പ്രാബല്യത്തിൽ വന്ന പുതുക്കിയ പരിഷ്കരണത്തിലും ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ യഥാർത്ഥ വർദ്ധനവ് വരാത്ത സാഹചര്യമുണ്ടായത് സംബന്ധിച്ചും നൽകിയ എൻക്വയറിക്ക് (നം.7/14.11.23) ഐ.കെ.എം. സൈറ്റ് തുറന്ന് നൽകുന്ന മുറയ്ക്ക് സഞ്ചയയിൽ മാറ്റം വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് സഞ്ചയയിൽ വ്യത്യാസം വരുത്തി 2022-23 വർഷം കുറവ് വന്ന ₹31609, കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2022-23 | 08-11-2023 & 09-11-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1748/2023<br>തീയതി: 06.12.2023. |

റിമാർക്സ്: ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, | 0 | 100000 | 100000 | അതിദാരിദ്ര്യ പട്ടികയിൽ | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഉൾപ്പെട്ടവർക്ക് ഭവനപുനരുദ്ധാരണം 212/23 | | |
| | 0 | 130600 | 130600 | ഹരിതഗ്രാമം പദ്ധതി (സ്റ്റിൽ ഓവർ) 59/23 | 130600 | 0 |
| | 0 | 199000 | 199000 | ഹരിതഗ്രാമം പദ്ധതി 185/23 | 199000 | 0 |
| | 0 | 510000 | 510000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് 28/23 | 510000 | 0 |
| | 0 | 300000 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 70/23 | 300000 | 0 |
| തളിപ്പറമ്പ. | 0 | 769800 | 769800 | ലൈഫ് ഭവന പദ്ധതി (എസ്.സി) 109/23 | 769800 | 0 |
| | 0 | 2319805 | 2319805 | ലൈഫ് ഭവന പദ്ധതി (എസ്.ടി) 108/23 | 2319805 | 0 |
| | 0 | 300000 | 300000 | പെരുവട്ടം അങ്കണവാടിക്ക് കെട്ടിടം (സ്പിൽ ഓവർ) 29/23 | 300000 | 0 |
| | 0 | 279356 | 279356 | പെരുവട്ടം അങ്കണവാടിക്ക് കെട്ടിടം 223/23 | 279356 | 0 |
| | 0 | 538000 | 538000 | ആലക്കോട് അങ്കണവാടി റോഡ് 227/23 | 538000 | 0 |
| ആകെ | | 5446561 | 5446561 | | 5446561 | |
| | 0 | 259489 | 259489 | സാന്ത്വനപരിചരണ പരിപാടി – 24/23 | 259489 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 141740 | 141740 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് 28/23 | 141740 | 0 |
| | 0 | 700000 | 700000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 70/23 | 700000 | 0 |
| ആകെ | 0 | 1101229 | 1101229 | | 1101229 | 0 |

സംയുക്ത പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം 10,53,751/- രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 7,55,833/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം – 2,97,918/- രൂപ) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശാനുസരണം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | നൽകിയ തുക ₹ | ബിൽ നമ്പർ/ തീയതി | ചെല വഴിച്ച തുക ₹ | പൂർത്തീ കരിച്ച വിവരം |
|---|---|---|---|---|---|
| ജില്ലാ എൻജിനീയർ (അനർട്ട്) | 197/23 പഞ്ചായത്ത് ഓഫീസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ | 11,11,000 | 1)301/20-02-2023/ 2,15,000/- (വികസന ഫണ്ട് പൊതു വിഭാഗം) 2)307/22-02-2023/ 8,96,000/- (തനത് ഫണ്ട്) | - | പ്രവൃത്തി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി യിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം.

| വായ്പ യുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർ ക്കാർ അന മതി ലഭിച്ച വായ്പ തുക | വർഷാ രംഭ ത്തിൽ തിരിച്ചട ക്കാൻ ബാക്കിയു ണ്ടായി രുന്ന തുക | തൻ വർഷം ലഭിച്ച തുക | വർഷാ രംഭത്തിൽ തിരിച്ച ടക്കാൻ ബാക്കി യുള്ള ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരി ച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാ വസാനം തിരി ച്ചടക്കാൻ ബാക്കി യുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമാക്കി യിട്ടില്ല. | 4425888 | 3061888 | 0 | 3061888 | 1138204* | 0 | 1923684 |

*അഞ്ച് ജി ഒ പ്രോജക്ട് പ്രകാരമുള്ള തുക.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 16,27,172/- രൂപയുടെ സ്ഥിരനിക്ഷേപം നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15,31,456/- |
| തൻവർഷം നിക്ഷേപിച്ച തുക | 95,716/- (പലിശ) |
| ആകെ | 16,27,172/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,27,172/- |
| സ്ഥിരനിക്ഷപത്തിന്റെ വിവരം | FD രശീത് നമ്പർ-104681 തീയതി ലഭ്യമായിട്ടില്ല. |

| | |
|---|---|
| | അക്കൗണ്ട് നം.1063512000002/1 കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, ആലക്കോട് ശാഖ.<br>കാലാവധി തീയതി ലഭ്യമായിട്ടില്ല.<br>പലിശനിരക്ക്-ലഭ്യമായിട്ടില്ല.<br>കാലാവധി തുക-ലഭ്യമായിട്ടില്ല. |

റിമാർക്ക്സ്: പ്രസ്തുത സ്ഥിരനിക്ഷേപം 26-07-2023 തീയതിയിൽ പിൻവലിച്ച് പലിശയുൾപ്പെടെയുള്ള തുക (16,52,347/-) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആലക്കോട് ശാഖ) അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 34074681446) അതേ തീയതിയിൽ തന്നെ വരവ് ചേർത്തിട്ടുണ്ട്.ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ സ്ഥിരനിക്ഷേപത്തിന്റെ തീയതി രേഖപ്പെടുത്താത്തതിനാലും സ്ഥിരനിക്ഷേപം പണമാക്കി മാറ്റിയതിനാൽ ഭൗതിക പരിശോധനക്ക് ലഭിക്കാത്തതിനാലും മേൽ പട്ടികയിൽ തീയതി,മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.13.4 | 2001-02 | 6 | സാമൂഹ്യ ജലസേചന പദ്ധതി | വിഷയം ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2004-05 | 3.13.1.7 | 2001-02 | 6,7,8 | പദ്ധതിവിഹിതം | വിഷയം ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2005-06 | 85.3 | 2001-02 | 3.3 | തേയില കൊതുക് നിവാരണം. | വിഷയം ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-17 | 1 | 2014-15 | 2.3 | വസ്തു നികുതി | വിഷയം ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-17 | 2 | 2014-15 | 2.1 | തൊഴിൽ നികുതി | വിഷയം ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | | കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-17 | 2.3 | 2015-16 | 2.3 | തൊഴിൽ നികുതി | വിഷയം ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി തുക ഈടാക്കിയതിന്റെ വിവരം

തുക ഈടാക്കിയിട്ടില്ല.

ബി) സർചാർജ്ജ് നടപടി വഴി തുക ഈടാക്കിയതിന്റെ വിവരം

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹63857641 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹49137157 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹31993 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹7827369 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-12(2-1) | ₹31609 | - | ശ്രീ.എൻ.എൻ.പ്രസന്നകുമാർ, സെക്രട്ടറി |
| 1-13 | ₹384 | - | ശ്രീ.എൻ.എൻ.പ്രസന്നകുമാർ, സെക്രട്ടറി |
| ആകെ | ₹31993 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 2406630 1-19 | ₹2314743 | ശ്രീ.ഷംനാദ്.ജെ, അസിസ്റ്റന്റ് എൻജിനീയർ |
| | ₹91887 | ശ്രീ.എൻ.എൻ.പ്രസന്നകുമാർ, സെക്രട്ടറി |
| 1-20 | ₹1111000 | ശ്രീ.എൻ.എൻ.പ്രസന്നകുമാർ, സെക്രട്ടറി |
| 1-21 | ₹180000 | ശ്രീ.എൻ.എൻ.പ്രസന്നകുമാർ, സെക്രട്ടറി |
| 1-24 | ₹303153 | ഡോ.ബിജോയ് മാത്യു, മെഡിക്കൽ ഓഫീസർ-പി എച്ച് |

| | | |
|---|---|---|
| | | സി. |
| 1-25 | ₹146280 | ശ്രീ.മധുസൂദനൻ എസ്.പി, ഹെഡ്മാസ്റ്റർ |
| 1-25 | ₹125830 | ശ്രീ.സണ്ണി.പി.ജെ, ഹെഡ്മാസ്റ്റർ. |
| 1-28 | ₹100000 | ശ്രീമതി സജന കായക്കീൽ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-29 | ₹200000 | ശ്രീ.മുഹമ്മദ് ബഷീർ എൻ.പി വി.ഇ.ഒ, ആലക്കോട് സർക്കിൾ |
| 1-30 | ₹3254476 | ശ്രീ.മുഹമ്മദ് ബഷീർ എൻ.പി വി.ഇ.ഒ, ആലക്കോട് സർക്കിൾ |
| ആകെ | ₹7827369 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം .

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12, 1-14, 1-16 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.എൻ.പ്രസന്നകുമാർ, സെക്രട്ടറി | സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്. | നടുവിലെ മുറിയിൽ, കാരിക്കയം, മണക്കടവ് (പി.ഒ),കണ്ണൂർ ജില്ല. |
| ശ്രീ.ഷംനാദ്.ജെ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, കൊല്ലയിൽ ഗ്രാമപഞ്ചായത്ത്, ധനുവച്ചപുരം, തിരുവനന്തപുരം | പൂമുഖത്ത് പുത്തൻവീട്, കരുമരകക്കോട്, അരുവിക്കര(പി.ഒ), തിരുവനന്തപുരം. |
| ഡോ.ബിജോയ് മാത്യു, മെഡിക്കൽ ഓഫീസർ- പി എച്ച് സി. | മെഡിക്കൽ ഓഫീസർ- പി എച്ച് സി, ഉദയഗിരി, കണ്ണൂർ ജില്ല. | താന്നിപ്പാറ ഹൗസ്, കരുവഞ്ചാൽ (പി.ഒ), കണ്ണൂർ ജില്ല. |
| ശ്രീ.മധുസൂദനൻ എസ്.പി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി സ്കൂൾ, പുഴാതി, കണ്ണൂർ ജില്ല. | ഗ്രാമിക, വേശാല, ചട്ടുകപ്പാറ, കണ്ണൂർ ജില്ല-670592 |
| ശ്രീ.സണ്ണി.പി.ജെ, ഹെഡ്മാസ്റ്റർ. | ജി യു പി എസ് നച്യാട്, കണ്ണൂർ ജില്ല. | തൈപ്പറമ്പിൽ ഹൗസ്, മണിപ്പാറ(പി.ഒ) |

| | | |
|---|---|---|
| ശ്രീമതി സജന കായക്കീൽ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, തളിപ്പറമ്പ | കായക്കീൽ ഹൗസ്, വളക്കൈ, കൊയ്യം, കണ്ണൂർ ജില്ല. |
| ശ്രീ.മുഹമ്മദ് ബഷീർ എൻ.പി, വി.ഇ.ഒ | വി.ഇ.ഒ, ആലക്കോട് സർക്കിൾ | കെ.പി ഹൗസ്, നെല്ലിക്കുന്ന് പാത്തൻപാറ 670571 |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ/ തീയതി | വിഷയം | അടവാക്കിയ തുക | രസീത് നം. തീയതി, അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 21/17-11-2023 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് കവറേജ് എടുക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല. | 5328 | 1230902019/G13038/ Dated:18-11-2023 ശ്രീ.എൻ.സി.സെബാസ്റ്റ്യൻ, കരാറുകാരൻ. |
| -------ടി------- | -----ടി----- | 2325 | 1230902020/G13038/ Dated:18-11-2023 ശ്രീ.എൻ.സി.സെബാസ്റ്റ്യൻ, കരാറുകാരൻ. |
| -------ടി------- | -------ടി------- | 715 | 1230902018/G13038/ Dated:18-11-2023 ശ്രീ.സണ്ണി ജോസഫ്, കരാറുകാരൻ. |
| -------ടി------- | -------ടി------- | 1729 | 1230902017/G13038/ Dated:18-11-2023 ശ്രീ.സജി ജോസഫ്, കരാറുകാരൻ. |
| 24/17-11-2023 | മാസവരി സംഖ്യ കൂടുതൽ അനുവദിച്ചു. | 255 | 1230902014/G13038/ Dated:18-11-2023 ലൈബ്രേറിയൻ, ആലക്കോട് ഗ്രാമപഞ്ചായത്ത്. |
| ആകെ | | 10352/-രൂപ | |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2000-01 (പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2001-02 (പദ്ധതിവിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 3 | - |
| 2001-02 (പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2009-10, 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 2 | - |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | - |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 2 | - |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 4 | - |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 3 | - |
| 2018-19 | കെ.എസ്.എ/ കെ.എൻ.ആർ/സി.12/ 1415/2022 തീയതി 11-10-2022 | 1 | |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി13/1353/2021 തീയതി 13-12-2021 | 20 | - |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ സി13/1354/2021 തീയതി 13-12-2021 | 22 | |
| 2021-22 | കെ.എസ്.എ.കെ.എൻ.ആർ.സി12/20/23 തീയതി 27.03.23 | 23 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 488/23 dated 27-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Alakode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Alakode Grama Panchayat for the year 2022-2023

Date: 06/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Alakode Grama Panchayat for the Year 2022-2023.

**1.Major Observations**

Asset Register is not updated.

**2.Other Observations**

1) Basic ratios of accounts is not submitted with AFS.

2) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Details about the amount of Rs.555986 Shown in the head 320100990 Other Liabilities (B4 Shedule) is not available.

4) B18 Shedule is incomplete.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Alakode Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 42391967.00 |
| Cash | Cash | RP-40(a) | 298202.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2660125.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9880.00 |
| 140000000 | Fees & User Charges | RP-4 | 859471.00 |
| 150000000 | Sale & Hire Charges | RP-5 | 299014.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 17459000.00 |
| 171000000 | Interest Earned | RP-9 | 893600.00 |
| 190000000 | Prior Period Income | RP-11 | 232582.00 |
| 311000000 | Earmarked Funds | RP-28 | 16.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31744656.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8461645.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 11000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 106196.00 |
| 340000000 | Deposits Received | RP-33 | 88356.00 |
| 350000000 | Other Liabilities | RP-35 | 1032100.00 |
| | Grand total | | 106547810.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 245776.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 490000.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 5150.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2554743.00 |
| 460000000 | Loans, Advances and Deposits | RP-49 | 1781963.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 26040.00 |
| 350000000 | Other Liabilities | RP-35 | 44033485.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 57244438.00 |
| Cash | Cash | RP-40(b) | 166215.00 |
| | Grand Total | | 106547810.00 |

## Annex3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Alakode Grama Panchayat
INCOME & EXPENDITURE STATEMENT

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 10633975.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 351929.00 |
| 140000000 | Fee & User Charges | I-4 | 1217375.00 |
| 150000000 | Sale & Hire Charges | I-5 | 324254.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 211608651.00 |
| 170000000 | Income from Investments | I-7 | 95716.00 |
| 171000000 | Interest Earned | I-8 | 893600.00 |
| 180000000 | Other Income | I-9 | 166091.00 |
| 190000000 | Prior Period Income | I-19 | 276697.00 |
| | Total Income | | 225291591.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15533995.00 |
| 220000000 | Administrative Expenses | I-11 | 1133455.00 |
| 230000000 | Operations & Maintenance | I-12 | 2619963.00 |
| 240000000 | Interest & Finance Charges | I-13 | 1471.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10849766.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 50514254.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12799373.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 36935662.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 80607000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1569031.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 18854556.00 |
| | Total Expenditure | | 231418526.00 |
| | Gross Surplus / Deficit of income over Expenditure | | -6126935.00 |
| | Gross Surplus / Deficit of income over Expenditure | | 10322742.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -16726374.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -16449677.00 |

## Annex3-3

## ബാലൻസ് ഷീറ്റ്

| |
|---|
| Alakode Grama Panchayat<br>BALANCE SHEET |
| As on 31-March-2023 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27796438.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 574.00 |
| 312000000 | Reserves | B-3 | 199128931.00 |
| | Total Reserve & Surplus | | 226925943.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 24989076.00 |
| | Total Grants, Contributions for Specific Purposes | | 24989076.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1923684.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 1923684.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 503013.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2729858.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3232871.00 |
| | TOTAL LIABILITIES | | 257071574.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 646936.00 |
| 412000000 | Capital Work in Progress | B-11(b) | 1143867.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1966300.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6745583.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 260181791.00 |
| 416000000 | Accumulated Depreciation | B-11(a) | -85374266.00 |
| | Total Fixed Assets | | 185310211.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1627172.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 1627172.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2790912.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 57410653.00 |
| 460000000 | Loans, Advances and Deposits | B-18 | 9932626.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 70134191.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |

| | | | |
|---|---|---|---|
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 257071574.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.